ഉത്തരം

(എ, ബി ആന്റ് സി) പരിശോധിച്ചു വരുന്നു. പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

2915 ലക്ഷം രൂപയാണ് പ്രോജക്ട് തുകയായി കണക്കാക്കിയിരിക്കുന്നത്.

കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള കുടിശ്ശിക

132 [3022] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള കുടിശ്ശിക ബില്ലുകൾ മൂന്നുമാസത്തിലേറെയായി പാസ്സാക്കി കൊടുക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലുകൾ മാറിക്കൊടുക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശമ്പള കുടിശ്ശിക ബില്ലുകൾ എത്രയും വേഗം മാറ്റിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2004-05-ലെ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം 3 പ്രൈവറ്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലേക്കും കൂടി 14,35,50,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2005 ഫെബ്രുവരി വരെ 3 കോളേജിലേക്കും കൂടി 13,07,49,000 രൂപ ശമ്പള ഇനത്തിലും ശമ്പള കുടിശ്ശിക ഇനത്തിലും ചെലവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിലെ സർക്കുലർ നമ്പർ 35/200/ഫിൻ. തീയതി 9-6-2004 ഫിനാൻസ് സ്ട്രീം ലൈനിംഗ് വകുപ്പിൽ നിന്നുള്ള കർശന നിർദ്ദേശപ്രകാരം ബഡ്ജറ്റ് തുകയിൽനിന്നു മാത്രമേ ചെലവാക്കാൻ പാടുള്ളൂ. 2005-06-ലെ സാമ്പത്തിക വർഷത്തേക്ക് ശമ്പള കുടിശ്ശിക ബില്ലുകൾ പരിഗണിക്കുന്നതാണ്.

(സി) അടുത്ത സാമ്പത്തിക വർഷം (2005-06)-ൽ ശമ്പള കുടിശ്ശിക ബില്ലുകൾ തുകയുടെ ലഭ്യത അനുസരിച്ച് പാസ്സാക്കി കൊടുക്കുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly